# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2890 07.02.2018 ൽ മറുപടിക്ക്**

**റബ്ബറൈസ്ഡ് ടാറിംഗ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) കേരളത്തിലെ റോഡുകളിൽ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന സ്വഭാവിക റബ്ബർ ഉപയോഗിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ; | എ) കേരളത്തിലെ റോഡുകളിൽ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് വിതരണം നടത്തുന്ന ബിറ്റുമിനാണ് ഉപയോഗിച്ചു വരുന്നത്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറാണ് ഉപയോഗിക്കുന്നത് എന്ന് മനസ്സിലാക്കുന്നു. |
| ബി) കേരളത്തിലെ റബ്ബർ കർഷകർക്ക് സഹായകരവും റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കപ്പെടുന്ന വിധത്തിലും റബ്ബർ ഉപയോഗം ഫലപ്രദമാക്കുന്നതിന് പി.ഡബ്ല്യു.ഡി നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ; | ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മാണ പ്രവർത്തികളിൽ റബ്ബർ ഉപയോഗിക്കുന്നതിന്റെ ഭാഗമായി **2016-17** സാമ്പത്തിക വർഷവും, **2017-18** സാമ്പത്തിക വർഷവും നടപ്പിലാക്കുന്ന പ്രവർത്തികളിൽ **NRMB** (നാച്ചറൽ റബ്ബറൈസ്ഡ് മോഡിഫൈഡ് ബിറ്റുമിൻ) ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ദേശീയപാത വിഭാഗത്തിൽ ടാറിംഗിന് നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിൻ മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവയിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. |
| സി) വിവിധ വകുപ്പുകളുമായി ചേർന്ന് റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നു വിശദമാക്കാമോ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ